(ബി) ഇപ്രകാരമുള്ള മത്സ്യബന്ധന തുറമുഖങ്ങളിൽ എത്ര കാലത്തിനുള്ളിലാണ് മണൽ മാറ്റേണ്ടതായിട്ടുള്ളത്;

(സി) ഇത്തരത്തിലുള്ള മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്ന് മണൽ മാറ്റിയിട്ട് എത്രകാലമായി;

(ഡി) അവിടെനിന്നും മണൽ മാറ്റാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) മണൽ മാറ്റാത്തത് കാരണം മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മറിഞ്ഞ എത്ര സംഭവങ്ങൾ ഈ വർഷം ഉണ്ടായിട്ടുണ്ടെന്നും അതുമൂലം എത്രപേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) മുനമ്പം, മാപ്പിളബേ, നീണ്ടകര, പൊന്നാനി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ മണ്ണടിയുന്നതുമൂലം തടസ്സം ഉണ്ടാകുന്നതായി അറിവായിട്ടുണ്ട്.

(ബി) തുറമുഖ നിർമ്മാണ പൂർത്തീകരണത്തോടുകൂടി കാപ്പിറ്റൽ ഡ്രെഡ്ജിംഗും നിർമ്മാണശേഷം വാർഷിക മെയിന്റനൻസ് ഡ്രെഡ്ജിംഗും നടത്തേണ്ടതുണ്ട്.

(സി) പുതിയാപ്പ, ചോമ്പാൽ,

മാപ്പിളബേ	. . തനതുവർഷം
അഴീക്കൽ	. . 6 വർഷം
മുനമ്പം	. . 14 വർഷം
നീണ്ടകര	. . മെയിന്റനൻസ് ഡ്രെഡ്ജിംഗ് നടത്തിയിട്ടുണ്ട്.

(ഡി) ബജറ്റ് വിഹിതത്തിൽ അപര്യാപ്തതമൂലം മണ്ണ് മാറ്റൽ നടത്തിയിട്ടില്ല.

(ഇ) മണൽ മാറ്റാത്തതു കാരണം മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മറിഞ്ഞ് ആരെങ്കിലും മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശക്തികുളങ്ങര ഫിഷറീസ് തുറമുഖ വികസനം

92 [1071] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ലൂഡി ലൂയിസ്:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തികുളങ്ങര ഫിഷറീസ് തുറമുഖം വികസിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്രസ്തുത തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ആരെല്ലാം മുന്നോട്ടു വന്നിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ബാധകമല്ല.

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

93 [1072] ശ്രീ. എം. മുരളി:
,, വി. ജെ. പൗലോസ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാം എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നു എന്ന് അറിയിക്കുമോ;

(ഡി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ സ്കൂളുകൾ ഇല്ലെങ്കിൽ ഈ സ്കൂളുകൾ ഏതു വകുപ്പിന്റെ നിയന്ത്രണത്തിലാണെന്ന് അറിയിക്കുമോ; ഈ സ്കൂളുകളിൽ മത്സ്യബന്ധനമോ സംസ്കരണമോ ആയി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ വലിയതുറ
2. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി
3. ആലപ്പുഴ ജില്ലയിൽ അർത്തുങ്കൽ
4. എറണാകുളം ജില്ലയിൽ തേവര
5. തൃശ്ശൂർ ജില്ലയിൽ ചാവക്കാട്
6. മലപ്പുറം ജില്ലയിൽ താനൂർ
7. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി
8. ബേപ്പൂർ
9. കണ്ണൂർ ജില്ലയിൽ അഴീക്കൽ
10. കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ

LIBRARY ARCHIVES Kerala Legislative Assembly